(Pages : 3) **H – 2010**

Reg. No. : ...............................

Name : ..................................

# First Semester B.A./B.Sc. Degree Examination, November 2019

## First Degree Programme under CBCSS

## Malayalam Language

## Language Course II – Additional Language I

## ML 1111.1 : മലയാള കവിത

## (2018 admission onwards)

Time : 3 Hours Max. Marks : 80

I. ഒരു വാക്കിലോ പരമാവധി **രണ്ടു** വാക്യത്തിലോ ഉത്തരമെഴുതുക.

1. ജരിതയുടെ ഭർത്താവ് ആര്?

2. 'ഗ്രാമവൃക്ഷത്തിലെ കുയിൽ' ആരുടെ രചനയാണ്?

3. 'ആരോമൽച്ചേകവരങ്കം പിടിച്ചിട്ടും' അരമുഴംപോലും പിൻവാങ്ങാത്തതെന്ത്?

4. ആദ്യത്തെ കർഷകരാജാവായി ശോഭിച്ചതാര്?

5. 'ഗോപികാദണ്ഡകം' എന്ന രചന ഏതു കവിതയോടുള്ള പ്രതികരണമാണ്?

6. ഒക്ടേവിയോ പാസിന്റെ 'സൺസ്റ്റോൺ' എന്ന കൃതി 'സൂര്യശില' എന്ന പേരിൽ വിവർത്തനം ചെയ്തതാര്?

7. ഇക്കുറി ആതിരയെ ഒരുമിച്ചു കൈകൾകോർത്ത് എതിരേല്ക്കണമെന്നു പറയാൻ കാരണമെന്ത്?

P.T.O.

8. 'അമ്പലമണി' രചിച്ചതാര്?

9. ഉണ്ണിയാർച്ച പിറന്ന വീടേത്?

10. 'ശക്തിയുടെ കവി' എന്ന വിശേഷണം നേടിയതാര്?

**(10 × 1 = 10 Marks)**

II. ഒരു ഖണ്ഡികയിൽ കവിയാതെ **എട്ടു** ചോദ്യത്തിന് ഉത്തരമെഴുതുക.

11. "എങ്ങാനും പൊയ്ക്കോൾകമ്മേ! നീകൂടെ മരിക്കേണ്ടാ" - ഇങ്ങനെ പറയാൻ കാരണമെന്ത്?

12. "ഭീതിവേണ്ട, തരികതെനിക്കു നീ" - പറഞ്ഞതാര്? സൂചിതമെന്ത്?

13. മനസ്വിനിയുടെ ചികുരഭരം വിലസിയത് എപ്രകാരമാണ്? കല്പനയുടെ ഭംഗി പരിശോധിക്കുക.

14. "സങ്കടം കാൺകിലും കാണാതെ പോകയോ<br>മംഗലേ നീയൊരു മങ്കയല്ലേ?" - പറഞ്ഞതാര്? കാരണമെന്ത്?

15. "ഒന്നിണ്ടു കേൾക്കണം അച്ഛനോട്" - ഉണ്ണിയാർച്ച ചോദിക്കുന്നതെന്ത് ?

16. വൃദ്ധന്റെ പ്രണയം ചാഞ്ഞു പെയ്യുന്ന മഴപോലെയാണെന്നു പറയുന്നതെന്തുകൊണ്ട്?

17. "മർദ്ദനമേറ്റു വലഞ്ഞോരെൻ ദൃഢ-<br>മസ്തകമിപ്പൊഴുമുയരുന്നു." - ആരുടെ? എന്തുകൊണ്ട്?

18. "അവിടെ നീ പോകേണ്ട, തവരുടെ മാർഗ്ഗമെന്നറിയൂ" - എവിടെ? സൂചിതമെന്ത്?

19. "എത്ര കൊഴുത്ത ചവർപ്പു കുടിച്ചു വറ്റിച്ചു നാം<br>ഇത്തിരി ശാന്തിതൻ ശർക്കര നുണയുവാൻ" - സൂചിതമെന്ത്?

20. "ആരന്ധകാരത്തെ സൃഷ്ടിച്ചവൻ, ദയാ-<br>വാരാശിയദ്ദേഹം വാഴ്ത്തപ്പെട്ടോൻ" - ഇങ്ങനെ സ്തുതിക്കാൻ കാരണമെന്ത്?

21. "അതിരുണ്ടവൾതൻ ക്ഷമയ്ക്കും" - ആരുടെ? സൂചിതമെന്ത്?

22. പാടത്തു കതിരിനു കനം വീഴുന്നതിനൊപ്പം കോമന്റെ വീട്ടിലുയർന്ന ആശകൾ ഏവ?

**(8 × 2 = 16 Marks)**

III. നൂറ്റിയിരുപതു വാക്കിൽ കവിയാതെ **ആറു** ചോദ്യത്തിന് ഉത്തരമെഴുതുക.

23. ഒരു തൈ നടുമ്പോൾ കൂടെ നടുന്നത് എന്തൊക്കെയാണ്?

24. മൊബൈൽഫോണിനെ പ്രണയവുമായി ബന്ധിക്കുന്നതിന്റെ കാവ്യയുക്തി പരിശോധിക്കുക.

25. 'എലികൾ' എന്ന രചനയിൽ ഹാസ്യം ദുരന്താവിഷ്കാരത്തിനു കരുവാകുന്നതെങ്ങനെ?

26. കൃഷ്ണന്റെ ബാല്യം 'കുഞ്ഞേ, മുലപ്പാൽ കുടിക്കരുത്' എന്ന കവിതയുടെ ഭാവാന്തരീക്ഷത്തെ നിർണ്ണയിക്കുന്നതെങ്ങനെ?

27. ധർമ്മം, കർമ്മം എന്നിവയെക്കുറിച്ചുള്ള ധാരണകൾ 'ജരിതാവിലാപ'ത്തിലെ വൈകാരികമായ സന്ദർഭത്തിൽ പ്രവർത്തിക്കുന്നതെങ്ങനെ?

28. ''അപ്രതിമഗുണാർദ്രമനസ്വിനി നീ'' എന്നു പ്രിയതമയെ വാഴ്ത്തുന്നതിന്റെ കാരണങ്ങൾ ഏവ?

29. ''ഒന്നല്ലെനിക്കുള്ളു പൊന്മകനും

അവനെ പഴുതെ നീ കൊല്ലിക്കല്ലേ'' - അച്ഛൻ ഇങ്ങനെ പറയാൻ കാരണമെന്ത്?

30. ''പാരിന്റെ ദാസിച്ചെറുമിയായ്പ്പോകയാൽ

സൂരജേ നീയെന്തുയർച്ച നേടി'' - സൂചിതമെന്ത്?

31. 'നിനക്ക്' എന്ന കവിതയിലെ വാഗ്ദാനങ്ങളുടെ സവിശേഷത പരിശോധിക്കുക.

**(6 × 4 = 24 Marks)**

IV. **മൂന്നു** പുറത്തിൽ കവിയാതെ **രണ്ടു** ചോദ്യത്തിന് ഉത്തരമെഴുതുക.

32. ''വൃദ്ധരതിയുടെ നിസ്സഹായതയെ വാത്സല്യരാശിയിലേക്കു വലിച്ചടുപ്പിക്കുന്ന അനുഭവമാണ് ചാഞ്ഞു പെയ്യുന്ന മഴയിലേത്'' - പരിശോധിക്കുക.

33. 'സഫലമീയാത്ര' എന്ന കൃതാർത്ഥതയോടെ കവി ആതിരയെ എതിരേല്ക്കുന്നതിന്റെ ഭാവമേഖലകൾ വിശകലനം ചെയ്യുക.

34. ''നാടകീയമായ ആഖ്യാനശൈലികൊണ്ടും പരിവർത്തനോത്സുകമായ പ്രമേയം കൊണ്ടും പ്രസക്തമാണ് ചണ്ഡാലഭിക്ഷുകി'' - പാഠഭാഗത്തെ മുൻനിർത്തി പരിശോധിക്കുക.

35. 'പുത്തൻകലവും അരിവാളും' എന്ന കവിതയുടെ ചരിത്രപരവും സാമൂഹികവുമായ പ്രസക്തി പരിശോധിക്കുക.

**(2 × 15 = 30 Marks)**

---